(ഇ) ചേറ്റുവയിലെ തുരുത്ത് വികസനത്തിനായി ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പ്രദേശം കോസ്റ്റൽ റഗുലേഷൻ സോൺ നിയമനത്തിന് എതിരാകുമെന്നതിനാൽ അത് ഉപേക്ഷിക്കേണ്ടിവന്നു. മറ്റ് വികസന പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല .

കോഴിക്കോട് ജില്ലാ ടൂറിസത്തിന്റെ ഹൗസ് ബോട്ടുകളുടെ പ്രവർത്തനം

130(1618)ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ ടൂറിസത്തിന്റെ കീഴിലുള്ള രണ്ട് ഹൗസ് ബോട്ടുകളുടെ പ്രവർത്തനം എന്നുമുതൽ ആരംഭിച്ചു;

(ബി) പ്രവർത്തനം ആരംഭിച്ചതുമുതൽ 2000 ഫെബ്രുവരിവരെ ഈ ഹൗസ് ബോട്ടുകളിൽ എത്ര കുടുംബങ്ങൾ താമസിച്ചു;

(സി) ഈ ഹൗസ് ബോട്ടുകൾക്ക് ഇന്നേവരെ ആകെ വന്ന ചെലവ് എത്രയാണ്;

(ഡി) പ്രസ്തുത ഹൗസ് ബോട്ടുകളിൽ നിന്നും ആകെ ലഭിച്ച വരുമാനം വിശദമാക്കുമോ;

(ഇ) പ്രസ്തുത ബോട്ടുകളിലൊന്ന് മൂരാട് പുഴയിൽ ടൂറിസ്റ്റുകാർക്ക് വേണ്ടി മാറ്റി പാർക്ക് ചെയ്യാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിലുള്ള രണ്ട് ഹൗസ് ബോട്ടുകളുടെ പ്രവർത്തനം 1998 നവംബർ 23 മുതൽ ആരംഭിച്ചു.

(ബി) പ്രവർത്തനം ആരംഭിച്ചതു മുതൽ ഫെബ്രുവരി 2000 വരെ ലീസിന് എടുത്തിരിക്കുന്ന ഏജൻസി (മലബാർ ഹൗസ് ബോട്ട്സ്) 300 ട്രിപ്പുകൾ നടത്തിയിരുന്നു.

(സി) ഈ ഹൗസ് ബോട്ടുകൾക്കായി രണ്ട് എൻജിനുകൾ ഉൾപ്പെടെ 23,41,892 രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഹൗസ് ബോട്ടുകൾ ഡി.ടി.പി.സി. ലീസിന് നൽകിയിരിക്കുകയാണ്. ഈ വകയിൽ ഒരു വർഷത്തെ ലീസ് റെന്റായി നാല് ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) ജില്ലയിൽ സഞ്ചാരയോഗ്യമായ പുഴകളിലൂടെയും കനാലുകളിലൂടെയും, ടൂറിസ്റ്റുകൾക്ക് താല്പര്യമുള്ള റൂട്ടുകളിലാണ് ഹൗസ് ബോട്ടുകൾ ഉപയോഗിച്ചുവരുന്നത്. ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് ഈ ആവശ്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly